(ബി) പ്രസ്തുത വാഹനങ്ങൾക്ക് ഏതിയ തിരിച്ച് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പാലക്കാട്-കോഴിക്കോട് എൻ. എച്ച്. 213-ൽ ഹൈവേ പെട്രോളിംഗിന് വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഇവിടത്തേക്ക് ആവശ്യാനുസരണം ഹൈവേ പെട്രോളിംഗ് വാഹനങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 32 വാഹനങ്ങൾ.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി † ചേർത്തിരിക്കുന്നു.

(സി) അനുവദിച്ചിട്ടില്ല.

(ഡി) വാഹനങ്ങളുടെയും സേനാംഗങ്ങളുടെയും ലഭ്യത അനുസരിച്ച് സ്വീകരിക്കാനാവും.

പിടികിട്ടാപ്പുള്ളികൾ

31 [805] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പിടികിട്ടാപ്പുള്ളികളാണ് നിലവിലുള്ളത് ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റശേഷം പിടികിട്ടാപ്പുള്ളികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരെയൊക്കെയാണ് അറസ്റ്റ് ചെയ്തതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 20176 പിടികിട്ടാപ്പുള്ളികളാണ് നിലവിലുള്ളത്.

(ബി) അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) വിവരം പിന്നാലെ നൽകുന്നതാണ്.

† അനുബന്ധം-II

LIBRARY ARCHIVES Kerala Legislative Assembly